മെന്നു മാസാരംഭത്തിൽത്തന്നെ നൂൺ ഫീഡിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതാണ്. പ്രസ്തുത തീരുമാനം സ്കൂൾ പ്രഥമാദ്ധ്യാപകൻ നടപ്പിലാക്കി വരുന്നു. ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ പ്രസ്തുത മാസത്തെ മെനുവുമായി പരിശോധിച്ച് കമ്മിറ്റി അംഗീകരിക്കുന്നതാണ്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ അധികൃതർ നല്കുന്ന വരവു ചെലവു കണക്കുകൾ തനതു മാസത്തെ മെനുവുംകൂടി പരിശോധിച്ചു അംഗീകാരം നല്കിവരുന്നു. പദ്ധതി മോണിറ്ററിംഗിന്റെ ഭാഗമായി നൂൺ ഫീഡിംഗ് സൂപ്പർവൈസർമാർ സ്കൂൾ സന്ദർശന വേളയിൽ, ഭക്ഷണത്തിന്റെ ഗുണനിലവാരം അതാതു മാസത്തെ നൂൺ ഫീഡിംഗ് കമ്മിറ്റി അംഗീകരിച്ച നല്കുന്ന മെനുവുമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

(ബി) പാചകപ്പുര, സ്റ്റോർ, പാചകപ്പുരയും പരിസരവും, പാത്രങ്ങൾ എന്നിവ വൃത്തിയായി സൂക്ഷിക്കുന്നുവെന്നും പാചകത്തൊഴിലാളി വ്യക്തി ശുചിത്വം പാലിക്കുന്നുവെന്നും നൂൺ ഫീഡിംഗ് കമ്മിറ്റി, സ്കൂൾ പ്രഥമാദ്ധ്യാപകൻ എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്. പാചകപ്പുരയും പരിസരവും വൃത്തിയാക്കുന്നതിനുള്ള ചുമതല പൂർണ്ണമായും പാചക തൊഴിലാളികൾക്കായിരിക്കും. മേൽ കാര്യങ്ങൾ കൃത്യമായി ഉറപ്പുവരുത്തുന്നതിനും ഓരോ അധ്യയനവർഷം ആരംഭിക്കുന്നതിനു മുമ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗരേഖ പുറപ്പെടുവിച്ചുവരുന്നു.

(സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനു നൂൺ ഫീഡിംഗ് കമ്മിറ്റി രൂപീകരിക്കാൻ അധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നുണ്ട്. നൂൺ ഫീഡിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലെന്നു ശ്രദ്ധയിൽപ്പെട്ടാൽ ആയത് രൂപീകരിക്കുന്നതിനും നിർദ്ദേശം നല്കുന്നതാണ്.

പാഠപുസ്തക അച്ചടി പ്രതിസന്ധിയിന്മേൽ അന്വേഷണം

69 (5141) ശ്രീ. എളമരം കരീം :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ :
ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തക അച്ചടി വൈകിയത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് ഏജൻസിയാണ് അന്വേഷണം നടത്തുന്നത് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് വിദ്യാർത്ഥി സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ ; ചർച്ചയിൽ സ്വതന്ത്ര ഏജൻസി അന്വേഷിക്കണമെന്ന് ആവശ്യം ഉയർന്നിരുന്നോ ; ഈ ആവശ്യം സർക്കാർ പരിഗണിച്ചോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പാഠപുസ്തക അച്ചടി സ്വകാര്യ പ്രസ്സുകൾക്ക് നൽകാൻ നടത്തിയ നീക്കമാണ് അച്ചടി പ്രതിസന്ധിയുണ്ടാകാൻ കാരണമെന്ന് പരാതി പ്രസ്തുത ചർച്ചയിൽ ഉയർന്നിരുന്നോ ;

(ഡി) വിവിധ വകുപ്പുകൾ ചേർന്ന് മന്ത്രിതലത്തിൽ തീരുമാനമെടുത്ത പാഠപുസ്തക അച്ചടിസംബന്ധിച്ച് ഉയർന്നുവന്ന ആരോപണങ്ങൾ സർക്കാർ ഉദ്യോഗസ്ഥർ അന്വേഷിക്കുന്നതിന്റെ അനൗചിത്യം വിലയിരുത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് തയ്യാറാകാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

ചാലക്കുടി വിദ്യാഭ്യാസ ഉപജില്ല

70 (5142) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിൽ ഓഫീസർ, സീനിയർ സൂപ്രണ്ട് തുടങ്ങിയ തസ്തികകളിൽ റിട്ടയർമെന്റ് വേക്കൻസികളിൽ നിയമനം നടത്താത്തതുമൂലം അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒഴിവുള്ള തസ്തികകളിൽ ഉടൻ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ചാലക്കുടിയിൽ താലൂക്ക് അനുവദിച്ച് പ്രവർത്തനം ആരംഭിച്ച് ഒരു വർഷം പിന്നിട്ട സാഹചര്യത്തിൽ അവിടെ ഡി.ഇ.ഒ. ഓഫീസ് അനുവദിച്ച് പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കാടുകുറ്റി പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധികാരപരിധി ഭരണസേവന സൗകര്യങ്ങൾ കണക്കിലെടുത്ത് ചാലക്കുടി ഉപജില്ലയുടെ കീഴിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാലക്കുടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിലവിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, സീനിയർ സൂപ്രണ്ട് തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

(സി&ഡി) പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly